


# മൗദൂദിയും ജനാധിപത്യവും തമ്മിൽ

കവർസ്റ്റോറി ● വി.എം ഇബ്റാഹീം

**“ഇന്ത്യയെപ്പോലൊരു** ബഹുസ്വരസമൂഹത്തിൽ സംരക്ഷിക്കപ്പെടേണ്ട അടിസ്ഥാനതത്ത്വങ്ങളാണ് ജനാധിപത്യവും മതേതരത്വവും. ജനാധിപത്യത്തോടും മതേതരത്വത്തോടും സൈദ്ധാന്തികമായും പ്രായോഗികമായും എന്തു നിലപാടെടുക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും ഒരു സംഘടന പ്രതിലോമപരമാണോ അല്ലയോ എന്ന് നിർണയിക്കപ്പെടുക. ജമാഅത്തെ ഇസ്‌ലാമിയെക്കുറിച്ചുള്ള ചർച്ചയിൽ പ്രധാനമായി ഉന്നയിക്കപ്പെടുന്നതും ഇതേ ചോദ്യമായിരിക്കും. ജനാധിപത്യത്തിന് ദൈവികാധിപത്യവും മതേതരത്വത്തിന് ഇസ്‌ലാമികനിയമങ്ങളും പകരം വെക്കുന്നത് ഇന്ത്യയെപ്പോലൊരു ബഹുസ്വര ജനതക്കിടയിൽ സ്ഫോടനങ്ങൾ സൃഷ്ടിക്കാൻ മാത്രമേ ഉതകൂ. സ്വന്തം മതം ആക്ര

**പഠാൻകോട്ട് പ്രസംഗത്തോടെ ജനാധിപത്യം സംബന്ധിച്ച തന്റെ നിരീക്ഷണങ്ങൾക്ക് മൗദൂദി അവസാനവാക്ക് കുറിച്ചുവോ? അതോ, ജനാധിപത്യരംഗത്ത് അദ്ദേഹവും ജമാഅത്തെ ഇസ്‌ലാമിയും മറ്റു പരീക്ഷണങ്ങൾ നടത്തിയോ? മൗദൂദിയുടെ രാഷ്ട്രീയ നിലപാടിന്റെ ഒടുവാക്കായി ഈ പ്രഭാഷണത്തെ കാണാനാവുമോ? 1947 മെയിൽ പഠാൻകോട്ടിലെ ഈ പ്രഭാഷണത്തിനു മുമ്പും ശേഷവും ഇസ്‌ലാമിക രാഷ്ട്രീയം, ജനാധിപത്യം തുടങ്ങിയ വിഷയങ്ങളിൽ മൗദൂദി പുലർത്തിപ്പോന്ന സമീപനമെന്തായിരുന്നു?**

---


മിക്കപ്പെടുമ്പോൾ മാത്രം അണപൊട്ടിയൊഴുകുന്ന സാമ്രാജ്യത്വവിരുദ്ധതകൊണ്ടും സർവമത സൗഹൃദത്തെക്കുറിച്ച ഗിരിപ്രഭാഷണങ്ങൾകൊണ്ടും ജമാഅത്തെ ഇസ്‌ലാമിക്ക് മൗദൂദിയുമായുള്ള പൊക്കിൾകൊടിബന്ധം മറച്ചുപിടിക്കാനാവില്ല. മൗദൂദിയുടെ 'തലച്ചോറ്' എത്ര ഭംഗിയായി അലങ്കരിച്ചാലും മതേതര സംസ്കാരം അതിന്റെ അസ്സൽരൂപം പുറത്തുകൊണ്ടുവരിക തന്നെ ചെയ്യും. കാരണം, മൗദൂദിയുടെ വിഷചിന്തകൾ ഇന്ത്യയിലെ മുസ്‌ലിംകൾക്ക് ചിതയും സംഘ്പരിവാറിന് ഇന്ധനവുമാണെന്ന് ജനാധിപത്യവാദികൾക്ക് ഉറച്ചബോധ്യമുണ്ട്"– മുസ്‌ലിം സമുദായത്തിലെ മുഴുവൻ സംഘടനകളുടെയും പ്രതിനിധികളും കേരളീയ പൊതുമണ്ഡലത്തെ പ്രതിനിധാനം ചെയ്യുന്ന സാംസ്കാരിക പ്രവർത്തകരും എഴുത്തുകാരും 'ജമാഅത്തെ ഇസ്‌ലാമിയെ എന്തുകൊണ്ട് എതിർക്കണ'മെന്ന ചോദ്യത്തിന് തങ്ങളുടേതായ കോണുകളിൽനിന്ന് കണ്ടെത്തുന്ന ഉത്തരം' എന്നവകാശപ്പെട്ട 'മതരാഷ്ട്രവാദം: ജമാഅത്തെ ഇസ്‌ലാമി വിചാരണചെയ്യപ്പെടുന്നു' എന്ന പുസ്തകത്തിന്റെ മുഖപേജിൽ കമ്യൂണിസ്റ്റ് എഴുത്തുകാരനായ ഗുലാബ് ജാൻ എഴുതിയ വരികളാണിത്[1]. ജമാഅത്തെ ഇസ്‌ലാമിയെ വിമർശിച്ച് മലയാളത്തിലെ മത–മതേതരവേദികളിൽ പ്രത്യക്ഷപ്പെടാറുള്ള മുഖ്യവാദികളെയെല്ലാം പങ്കെടുപ്പിച്ച്, 1941–ലെ രൂപവത്കരണകാലം തൊട്ട് ഇന്നോളം അബുൽഅഅ്‌ലാ മൗദൂദിക്കും ജമാഅത്തെ ഇസ്‌ലാമിക്കുമെതിരെ ഉന്നയിക്കപ്പെട്ട എല്ലാ ആരോപണങ്ങളും ആറ്റിക്കുറുക്കിയെടുത്ത കൃതിയാണിത്. ഇതിലപ്പുറം ഇനിയാർക്കും ഒന്നും പറയാനില്ല എന്നതിനു തെളിവ് ഈ ഗ്രന്ഥത്തിൽ അണിനിരന്നവർ പിന്നെയും വിവിധ ആനുകാലികങ്ങളിലും വേദികളിലും നടത്തിവരുന്ന ഖണ്ഡന ചർവിതങ്ങൾ തന്നെ[2]. അതിനാൽ മൗദൂദി–ജമാഅത്ത് വിമർശത്തിലെ അവസാന വാക്കായി ഇതിനെയെടുക്കാം.

ഈ അന്തിമകുറ്റപത്രം ഉന്നയിക്കുന്ന മർമപ്രധാനമായ പ്രശ്നം എന്താണ്? 'രാഷ്ട്രീയ–സാംസ്കാരികരംഗത്തുള്ളവരുടെ മുഖ്യമായ ആധി മൗദൂദിയൻ നിലപാടുകളുടെ മതനിരപേക്ഷ–ജനാധിപത്യവിരുദ്ധതയാണ്' എന്ന് എഡിറ്റർ മുഖവുരയിൽ പറയുന്നു. അതായത് ജമാഅത്തെ ഇസ്‌ലാമി സ്ഥാപകനായ സയ്യിദ് അബുൽഅഅ്‌ലാ മൗദൂദി തികഞ്ഞ ജനാധിപത്യവിരോധിയായിരുന്നു. ജനാധിപത്യത്തിന്റെ മറുഭാഗം ഭീകരതയായതിനാൽ മൗദൂദി ഭീകരവാദത്തിന്റെ മാസ്റ്റർമൈൻഡാണ്. അദ്ദേഹം രൂപംകൊടുത്ത സംഘടനയും അങ്ങനെത്തന്നെ. സം

---

ഘടന പിൽക്കാലത്ത് ജനാധിപത്യ പ്രക്രിയയിൽ ഭാഗഭാക്കായിട്ടുണ്ടെങ്കിലും മൗദൂദിയെ തള്ളിപ്പറയാത്തേടത്തോളം അവരുടെ നയംമാറ്റം വിശ്വാസയോഗ്യമല്ല-ഇതാണ് വിമർശകരെല്ലാം പല വിധത്തിൽ പറയുന്ന ഒരേ കാര്യം. 'മതാതീത മാനവമൈത്രിയും സർവമത സമഭാവനയും ലക്ഷ്യംവെക്കുന്ന സാംസ്കാരിക പ്രവർത്തകർക്കു മാത്രമല്ല, ഓരോ സമുദായത്തിലുള്ള മതനിരപേക്ഷ-ജനാധിപത്യവാദികളായ സമുദായപ്രവർത്തകർക്കും ജമാഅത്തെ ഇസ്‌ലാമി എന്ന മത/രാഷ്ട്രീയ സംഘടനയെ യഥാസ്ഥാനത്തു നിർത്തി വിലയിരുത്താൻ കഴിയണം' എന്നാണ് ഈ വിമർശക കൂട്ടായ്മയുടെ ആഹ്വാനം. ഇതിനുവേണ്ടിയുള്ള കൊണ്ടുപിടിച്ച ശ്രമമാണ് ഇക്കൂട്ടർ നടത്തിവരുന്നതെന്നു ചുരുക്കം.

മൗദൂദിയുടെ ജനാധിപത്യവിരോധത്തിന്റെ തെളിവെന്താണ്? *മതേതരത്വം, ദേശീയത്വം, ജനാധിപത്യം: ഒരു താത്ത്വിക വിശകലനം* എന്ന കൊച്ചുകൃതി. ഇന്ത്യാ വിഭജനം ഉറപ്പായ സന്ദർഭത്തിൽ നിർദിഷ്ട പാകിസ്താനിലെ പഞ്ചാബിൽ ചേർന്ന ജമാഅത്ത് സമ്മേളനത്തിൽ ചെയ്ത പ്രസംഗമാണ് ആദ്യം *ജമാഅത്തെ ഇസ്‌ലാമിയുടെ സന്ദേശം* എന്ന പേരിൽ പ്രസിദ്ധീകരിച്ച ഈ കൃതി. മുസ്‌ലിം സാമുദായികവാദികൾ ഇസ്‌ലാമിന്റെ പേരിൽ വീതംവെച്ചു വാങ്ങുന്ന പാകിസ്താൻ സ്വാതന്ത്ര്യാനന്തരം പിന്തുടരേണ്ട വ്യവസ്ഥ ഏതുവിധമായിരിക്കണമെന്നതിന് ഇസ്‌ലാമിന്റെ മൂലപ്രമാണങ്ങളുടെയും രാഷ്ട്രീയ സിദ്ധാന്തത്തിന്റെയും അടിസ്ഥാനത്തിൽ ഉത്തരം കണ്ടെത്തുകയായിരുന്നു ആ പ്രസംഗത്തിൽ മൗദൂദി.



**പാശ്ചാത്യനിർമിതികളായ മതേതരത്വം, ജനാധിപത്യം, ദേശീയത എന്നിവയുടെ പ്രത്യയശാസ്ത്രപരമായ പൊള്ളത്തരം ഇന്ത്യയിലെ അതിന്റെ പ്രയോഗാനുഭവങ്ങൾ വെച്ചുതന്നെയാണ് മൗദൂദി തുറന്നുകാട്ടിയത്. ജനാധിപത്യം എന്ന ആയുധം കോളനിവാഴ്ചക്ക് ഉപയോഗപ്പെടുത്തിയ ബ്രിട്ടീഷ് അനുഭവത്തിൽനിന്ന് പാർലമെന്ററി ജനാധിപത്യത്തെ കണക്കിന് കളിയാക്കുകയും വിമർശിക്കുകയും ചെയ്തു 'ഹിന്ദ്സ്വരാജി'ൽ ഗാന്ധിജി.**

എന്നാൽ ഈയൊരു പ്രസംഗത്തോടെ ജനാധിപത്യം സംബന്ധിച്ച തന്റെ നിരീക്ഷണങ്ങൾക്ക് മൗദൂദി അവസാനവാക്ക് കുറിച്ചുവോ? അതോ, ജനാധിപത്യരംഗത്ത് അദ്ദേഹവും ജമാഅത്തെ ഇസ്‌ലാമിയും മറ്റു പരീക്ഷണങ്ങൾ നടത്തിയോ? മൗദൂദിയുടെ രാഷ്ട്രീയ നിലപാടിന്റെ ഒടുവാക്കായി ഈ പ്രഭാഷണത്തെ കാണാനാവുമോ? 1947 മെയിൽ പാഠാൻകോട്ടിലെ ഈ പ്രഭാഷണത്തിനു മുമ്പും


**മദിരാശിപ്രസംഗം അനുസ്മരിച്ച് പ്രമുഖ പണ്ഡിതനും സ്വാതന്ത്ര്യസമര സേനാനിയും പിൽക്കാലത്ത് ഇന്ദിരാഗാന്ധിക്കു കീഴിൽ ഇന്ത്യൻ നാഷനൽ കോൺഗ്രസിന്റെ പാർലമെന്ററി പാർട്ടി ഡപ്യൂട്ടി നേതാവുമായിരുന്ന റഫീഖ് സകരിയ്യ ഇങ്ങനെ കുറിച്ചിട്ടു: (അബുൽകലാം ആസാദ് കഴിഞ്ഞാൽ) പാകിസ്താൻ പ്രസ്ഥാനത്തിനെതിരായി വിഭജനത്തിന്റെ ആസന്നനാളുകളിൽ ശക്തമായി ഉയർന്ന മറ്റൊരു ശബ്ദം ജമാഅത്തെ ഇസ്‌ലാമി സ്ഥാപകൻ മൗലാന അബുൽ അഅ്‌ലാ മൗദൂദിയുടേതായിരുന്നു.**

ശേഷവും ഇസ്‌ലാമിക രാഷ്ട്രീയം, ജനാധിപത്യം തുടങ്ങിയ വിഷയങ്ങളിൽ മൗദൂദി പുലർത്തിപ്പോന്ന സമീപനമെന്തായിരുന്നു? എന്നിങ്ങനെയുള്ള പ്രാഥമിക വിവരാന്വേഷണത്തിനുപോലും മിനക്കെടാതെയാണ് മൗദൂദിക്കും ജമാഅത്തിനുമെതിരെ വിമർശകർ വാളോങ്ങുന്നത്.

1947–ന്റെ ആദ്യപാദം. ഇന്ത്യാവിഭജനത്തിന്റെ അവസാനത്തെ കടലാസുപണികളിൽ മൗണ്ട്ബാറ്റണും കോൺഗ്രസ് നേതാക്കളും ജിന്നയും വ്യാപൃതരായ സന്ദർഭം. അവിഭക്ത ഉത്തരേന്ത്യയിൽ ബീഹാറും പഞ്ചാബും ബംഗാളും വർഗീയകലാപങ്ങളിൽ കത്തിപ്പടർന്നു തുടങ്ങിയ നാളുകൾ. സ്വാതന്ത്ര്യം വിഭജനത്തിലൂടെ എന്നു തീർച്ചപ്പെട്ട ആ സന്ദിഗ്ധഘട്ടത്തിലാണ് ജമാഅത്തെ ഇസ്‌ലാമിയുടെ 1947–ലെ വാർഷികസമ്മേളനം നടക്കുന്നത്.1946 സെപ്റ്റംബർ 15,16 തീയതികളിൽ പഠാൻകോട്ട് ദാറുൽ ഇസ്‌ലാമിൽ ചേർന്ന ജമാഅത്തെ ഇസ്‌ലാമി കേന്ദ്ര കൂടിയാലോചനാസമിതി വാർഷികസമ്മേളനങ്ങൾക്കായി അവിഭക്ത അഖിലേന്ത്യാ ജമാഅത്തിനെ നാലു മേഖലകളായി തിരിച്ചു. 1) പഞ്ചാബ്, അതിർത്തിപ്രവിശ്യ, സിന്ധ്, ബലൂചിസ്താൻ, കശ്മീർ, ദൽഹി എന്നിവയടങ്ങുന്ന ഉത്തരേന്ത്യ. 2) ഉത്തർപ്രദേശ്, ബീഹാർ, ഒറീസ, പശ്ചിമബംഗാൾ, ആസാം എന്നിവ ഉൾപ്പെട്ട പൂർവേന്ത്യ. 3) രജ്പുത്താന, മാൾവ, ബോംബെ, സെൻട്രൽ പ്രൊവിൻസ്, ബറാർ എന്നീ സംസ്ഥാനങ്ങളുടെ മധ്യപടിഞ്ഞാറൻ ഇന്ത്യ. 4) മദ്രാസ്, മൈസൂർ, ഹൈദരാബാദ് എന്നിവയടങ്ങുന്ന ദക്ഷിണേന്ത്യ. വർഷംതോറും മേഖലാ സമ്മേളനങ്ങളും ഒരു മേഖലാ സമ്മേളനത്തിനൊപ്പം ആ വർഷത്തെ അഖിലേന്ത്യാ വാർഷിക സമ്മേളനവും നടത്താൻ കൂടിയാലോചനാസമിതി നിശ്ചയിച്ചു[3]. അതനുസരിച്ച് 1947 ഏപ്രിൽ 4,5,6 തീയതികളിൽ ബീഹാറിലെ പാറ്റ്നയിൽ വാർഷികസമ്മേളനം നടത്താനും തുടർന്ന് മറ്റിടങ്ങളിൽ മേഖലാതല സമ്മേളനങ്ങൾ നടത്താനുമായിരുന്നു പരിപാടി. വടക്കു പടിഞ്ഞാറൻ മേഖലയിലെ സമ്മേളനം മോശമായ രാഷ്ട്രീയ, സാമൂഹികാന്തരീക്ഷം കാരണം ഒക്ടോബറിലേക്ക് മാറ്റിവെക്കുകയും ചെയ്തു. പക്ഷേ, അതിനുശേഷം പഞ്ചാബ്, ബനാറസ്, വടക്കുപടിഞ്ഞാറൻ അതിർത്തി സംസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ വർഗീയകലാപം വ്യാപിച്ചു. തുടർന്ന് ജമാഅത്ത് അമീർ സയ്യിദ് മൗദൂദി വിവിധ തലങ്ങളിൽ നേതൃഘടകങ്ങളുമായി കൂടിയാലോചിച്ചശേഷം പാറ്റ്നയിലെ വാർഷികസമ്മേ

ളനം റദ്ദുചെയ്തു. പകരം നാലു മേഖലാ സമ്മേളനങ്ങൾ നടത്താൻ തീരുമാനിച്ചു. അതനുസരിച്ച് ബോംബെ മുതൽ അജ്മീർ വരെയുള്ള മധ്യ പടിഞ്ഞാറൻ ഇന്ത്യയിലെ പ്രവർത്തകർ 1947 ഏപ്രിൽ 17,18 തീയതികളിൽ രാജസ്ഥാനിലെ ടോങ്കിലും ദക്ഷിണേന്ത്യയിലെ പ്രവർത്തകർ ഏപ്രിൽ 25,26 തീയതികളിൽ മദിരാശിയിലും ഒത്തുകൂടി. കിഴക്കൻ മേഖലാ സമ്മേളനം ഏപ്രിൽ 25,26 തീയതികളിൽ തന്നെ പാറ്റ്നയിലും നടന്നു. അവസാനമായി ഉത്തരേന്ത്യൻ സമ്മേളനം അടുത്തമാസം (മെയ്) 9,10 തീയതികളിൽ പഠാൻകോട്ട് നടന്നു. പാറ്റ്ന ഒഴികെയുള്ള സമ്മേളനങ്ങളിൽ സംബന്ധിച്ച മൗദൂദി സ്വാതന്ത്ര്യ(വിഭജന)ത്തിനുശേഷം ഇരുഭാഗത്തും ജമാഅത്തെ ഇസ്‌ലാമി സ്വീകരിക്കാൻ പോകുന്ന നയനിലപാടുകൾ വിശദീകരിച്ചു. മദിരാശി സമ്മേളനത്തെ അഭിസംബോധന ചെയ്ത് അദ്ദേഹം പറഞ്ഞു: “.......ആസന്നഭാവിയിൽ ഹിന്ദു ഇന്ത്യയുടെയും മുസ്‌ലിം ഇന്ത്യയുടെയും സ്ഥിതിഗതികൾ തീർത്തും ഭിന്നമായിരിക്കും. ഏതായാലും ഈ രണ്ടു രാജ്യത്തും നാം പ്രവർത്തിക്കേണ്ടിവരും. അതിനാൽ നമുക്കും നമ്മുടെ ജമാഅത്തിനെ രണ്ടു വ്യത്യസ്തമായ ലൈനിൽ കൊണ്ടുപോകേണ്ടിവരും.  പക്ഷേ, ജമാഅത്ത് ഇരുഭാഗത്തും ശക്തിപ്രാപിക്കുന്ന നാൾ അതിവിദൂരമല്ല. അങ്ങനെ സ്വന്തം പശ്ചാത്തലത്തിന് അനുയോജ്യമായ കർമരീതി ആവിഷ്കരിക്കാനും അതിനുവേണ്ട സംവിധാനങ്ങൾ ഒരുക്കാനും അവർ ഇരു രാജ്യത്തും സ്വയം സജ്ജരാകും. (വിഭജനാനന്തരമുള്ള) മുസ്‌ലിംപ്രദേശത്തെ സംബന്ധിച്ച് ഞാൻ ഇവിടെ ചർച്ച ചെയ്യുന്നില്ല. അതിന് അനുയോജ്യമായ ഇടം അടുത്തു നടക്കാനിരിക്കുന്ന ഉത്തരേന്ത്യാ സമ്മേളനമാണ്. നിങ്ങളുടെ മുമ്പിൽ ഹിന്ദു ഇന്ത്യയുടെ ഭാവിയെക്കുറിച്ചാണ് ഞാൻ സംസാരിക്കുന്നത്. ഹിന്ദുക്കളും മുസ്‌ലിംകളും ഭാവിയിൽ അഭിമുഖീകരിക്കാനിരിക്കുന്ന അവസ്ഥാവിശേഷങ്ങളും ആ ഘട്ടത്തിൽ നിങ്ങൾ ഏതുതരം പ്രവർത്തനമാണ് കാഴ്ചവെക്കേണ്ടത് എന്നുമാണ് ഇവിടെ ഞാൻ വിശദീകരിക്കുന്നത്”[4]. തുടർന്ന് ഇന്ത്യയുടെ ഭാവി സംബന്ധിച്ച് മൗദൂദി നടത്തിയ നിരീക്ഷണ പ്രധാനമായ പ്രഭാഷണം മതി അദ്ദേഹത്തിന്റെ രാഷ്ട്രീയ ദീർഘവീക്ഷണത്തിന്റെ തെളിവായി. സ്വതന്ത്ര ഇന്ത്യയിലെ മുസ്‌ലിം പ്രതിനിധാനത്തെക്കുറിച്ച് അദ്ദേഹം മുന്നോട്ടുവെച്ച നിർദേശങ്ങൾ മൗദൂദിയിലെ ജനാധിപത്യ, മാനവിക, മതനിരപേക്ഷവാദിയെ തുറന്നുകാട്ടുന്നു. മദിരാശിപ്രസംഗം അനുസ്മരിച്ച് പ്രമുഖ പണ്ഡിതനും സ്വാതന്ത്ര്യസമര സേനാനിയും പിൽക്കാലത്ത് ഇന്ദിരാഗാന്ധിക്കു കീഴിൽ ഇന്ത്യൻ നാഷനൽ കോൺഗ്രസിന്റെ പാർലമെന്ററി പാർട്ടി ഡപ്യൂട്ടി നേതാവുമായിരുന്ന റഫീഖ് സകരിയ്യ ഇങ്ങനെ കുറിച്ചിട്ടു: (അബുൽ കലാം ആസാദ് കഴിഞ്ഞാൽ) പാകിസ്താൻ പ്രസ്ഥാനത്തിനെതിരായി വിഭജനത്തിന്റെ ആസന്നനാളുകളിൽ ശക്തമായി ഉയർന്ന മറ്റൊരു ശബ്ദം ജമാഅത്തെ ഇസ്‌ലാമി സ്ഥാപകൻ മൗലാന അബുൽഅഅ്ലാ മൗദൂദിയുടേതായിരുന്നു. തങ്ങളുടെ നേതൃത്വത്തിന്റെ അധികാരക്കളിയിൽനിന്ന് മുസ്‌ലിംകൾക്ക് രാഷ്ട്രീയ അവമതിയല്ലാതെ മറ്റൊന്നും പ്രതീക്ഷിക്കാനില്ലെന്ന് അദ്ദേഹം ഇന്ത്യൻ മുസ്‌ലിംകളോട് പറഞ്ഞു. 1947 ഏപ്രിൽ 25–ന് മദ്രാസിൽ ചേർന്ന ജമാഅത്ത് സമ്മേളനത്തെ അഭിസംബോധന ചെയ്ത് മൗദൂദി പറഞ്ഞു: ‘പഴയ നിലപാടുകളിൽ ഉറച്ചുനിൽക്കാൻ വാശിപിടിക്കുന്നത് വിനാശകരമായിരിക്കും. കാരണം, തങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാനുള്ള മുസ്‌ലിംകളുടെ ശ്രമം ഹിന്ദുക്കളുടെ വർഗീയ മുൻവിധികളെ കൂടുതൽ ഊട്ടിയുറപ്പിക്കുകയേയുള്ളൂ. അതിനാൽ സർക്കാരി






ൽനിന്നോ അധികാരകേന്ദ്രങ്ങളിൽനിന്നോ ഒരു സമുദായമെന്ന നിലയിൽ ഒന്നും ലഭിക്കാനില്ല എന്ന കാര്യം മുസ്‌ലിംകൾക്കിടയിൽ വ്യാപകമായി ഒരു പൊതുജനാഭിപ്രായം സൃഷ്ടിക്കാൻ നാം ശ്രമിക്കണം. അതുപോലെ ഹിന്ദുദേശീയവാദത്തോട് മത്സരിക്കുന്ന ഒരു മുസ്‌ലിം ദേശീയത ഇല്ലെന്ന കാര്യം സ്വന്തം മനോഭാവങ്ങളിലൂടെ അവരെ ബോധ്യപ്പെടുത്താനും മുസ്‌ലിംകൾക്ക് കഴിയണം. അമുസ്‌ലിംഭൂരിപക്ഷത്തിന് ഇസ്‌ലാമിന്റെ പേരിലുള്ള അത്യസാധാരണമായ മുൻവിധികൾ നീക്കാൻ അതുമാത്രമേ വഴിയുള്ളൂ.'[5] പ്രൗഢമായ ഈ പ്രഭാഷണം 'ഇന്ത്യൻ മുസ്‌ലിംകളുടെ കർമപരിപാടി' എന്ന പേരിൽ ഉർദുവിലും 'ഇന്ത്യൻ യൂനിയനും ഇസ്‌ലാമിക പ്രസ്ഥാനവും' എന്ന പേരിൽ മലയാളത്തിലും പ്രസിദ്ധീകരിക്കപ്പെട്ടു.

പാകിസ്താനുവേണ്ടിയുള്ള വിലപേശൽ ഇസ്‌ലാമിന്റെ പേരിലായിരുന്നല്ലോ. എന്നാൽ മുസ്‌ലിംകൾക്ക് ഒരു രാജ്യം എന്നതല്ലാതെ, നേടിക്കഴിഞ്ഞാൽ അത് മുന്നോട്ട് കൊണ്ടുപോകുന്നത് എങ്ങനെ എന്ന് വിഭജനത്തിനു വാദിച്ച മുസ്‌ലിം ലീഗ് നേതൃത്വത്തിന് കൃത്യമായ ധാരണയുണ്ടായിരുന്നില്ല. 1947-ൽ സ്വാതന്ത്ര്യം നേടിയ ഇന്ത്യ മൂന്നുവർഷം കഴിഞ്ഞ് 1950-ൽ റിപ്പബ്ലിക്കായി പ്രഖ്യാപിച്ചപ്പോൾ പാകിസ്താന് വ്യവസ്ഥാപിതമായ ഒരു ഭരണഘടന ചിട്ടപ്പെടുത്താൻ 1973 ആഗസ്റ്റ് 14 വരെ കാത്തിരിക്കേണ്ടിവന്നു എന്നോർക്കുക. സ്വാതന്ത്ര്യാനന്തരം ഇന്ത്യ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി സ്വയം പ്രഖ്യാപിച്ചു മുന്നോട്ടുപോയി. എന്നാൽ കൃത്യമായ ലക്ഷ്യബോധമില്ലാതെ തുടക്കത്തിലേ മുടന്തുകയായിരുന്നു പാകിസ്താൻ. പിറവിക്കുശേഷം രണ്ടുവർഷം കഴിഞ്ഞ് ലക്ഷ്യപ്രഖ്യാപനപ്രമേയം (Objectives Resolution)- രൂപംകൊള്ളാൻ പോകുന്ന ഭരണഘടനയുടെ മുഖവുര മാത്രമായിരുന്നു ഇത്. പിന്നീട് 1956-ൽ ഒരു ഭരണഘടന. ഇതിന് മുപ്പത് മാസവും 15 ദിവസവും മാത്രമേ ആയുസ്സുണ്ടായുള്ളൂ. 1958 ഒക്ടോബർ ഏഴിന് ഇസ്കന്ദർ മീർസ അത് ദുർബലപ്പെടുത്തി. പിന്നെയും 15 വർഷം കഴിഞ്ഞ് 1973-ലാണ് വ്യക്തമായൊരു ഭരണഘടന പാകിസ്താൻ ചിട്ടപ്പെടുത്തുന്നത്. രാജ്യത്ത് ഇന്നും തുടരുന്ന അരാജകത്വത്തിന്റെ മൂലകാരണം പിറവിക്കാലത്തെ ഈ

അനിശ്ചിതത്വമായിരുന്നു എന്നു കാണാം.

ഹിന്ദു-മുസ്‌ലിം വിഭാഗങ്ങൾ രണ്ടും തീർത്തും ഭിന്നമായ രണ്ടു ദേശീയതകളാണെന്നും അതിനാൽ മുസ്‌ലിംകൾ വേറിട്ടുതന്നെ നിൽക്കണമെന്നും പറഞ്ഞാണ് മുസ്‌ലിംലീഗ് ഇന്ത്യാവിഭജനം ആവശ്യപ്പെട്ടത്. മുഹമ്മദലി ജിന്നയാവട്ടെ, ഇസ്‌ലാമികാഭിമുഖ്യം ജീവിതത്തിൽ പുലർത്തിയില്ലെങ്കിലും ഇസ്‌ലാമിക ദർശനത്തെയും ചിഹ്നങ്ങളെയും ഇതിനായി ഉപയോഗിച്ചു. 1947 ആഗസ്റ്റ് 11-ന് പാകിസ്താൻ കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിൽ ചെയ്ത പ്രസംഗത്തിൽ പോലും ഇസ്‌ലാമികതത്ത്വങ്ങൾ മുറുകെപ്പിടിച്ചുള്ള ഭരണം തന്നെയാണ് അദ്ദേഹം വാഗ്ദാനം ചെയ്തത്.[6]

ജിന്നയും വലംകൈയായിരുന്ന ലിയാഖത്തലി ഖാനും വിത്തിട്ട ഈ ഇസ്‌ലാമിക രാഷ്ട്രസ്വപ്നം മുസ്‌ലിംലീഗിന്റെ രണ്ടാം നേതൃനിര ഗൗരവത്തിൽ തന്നെയെടുത്തു. 1940-ൽ നിർദിഷ്ട 'ഇസ്‌ലാമികരാജ്യ'മായ പാകിസ്താന് ഒരു ഇസ്‌ലാമിക ഭരണഘടനയെക്കുറിച്ച് ആലോചിക്കാൻ ഉത്തർപ്രദേശിലെ മുസ്‌ലിം ലീഗ് നേതാക്കൾ രൂപംകൊടുത്ത ശരീഅത്ത് വിദഗ്ധന്മാരുടെയും പണ്ഡിതരുടെയും വേദിയിൽ മൗദൂദിയെയും ഉൾപ്പെടുത്തിയിരുന്നു.[7] ഈ അനുഭവം മുന്നിൽ വെച്ചായിരിക്കണം 1941-ൽ സയ്യിദ് മൗദൂദി ഇസ്‌ലാമികവ്യവസ്ഥ സംബന്ധിച്ച തന്റെ ആശയഗതികൾ ജിന്നയുമായി പങ്കുവെക്കാൻ ഖമറുദ്ദീൻ ഖാൻ എന്ന ദൂതനെ നിയോഗിച്ചു. നാൽപത്തഞ്ച് മിനിറ്റ് നീണ്ട ആ സംഭാഷണത്തിനൊടുവിൽ ജിന്ന പറഞ്ഞു: 'അദ്ദേഹത്തിന്റെ സംഘടന (ജമാഅത്തെ ഇസ്‌ലാമി) മുസ്‌ലിംകളുടെ ജീവിതവിശുദ്ധി വീണ്ടെടുക്കുന്നതിനുള്ള യത്നത്തിലാണെങ്കിൽ മുസ്‌ലിം ലീഗ് രാഷ്ട്ര സ്വാതന്ത്ര്യം എന്ന അതിനേക്കാൾ വലിയ പ്രയത്നത്തിലാണ്. എന്നാൽ ആത്യന്തിക ലക്ഷ്യം വെച്ചുനോക്കുമ്പോൾ ജമാഅത്തും മുസ്‌ലിംലീഗും തമ്മിൽ വ്യത്യാസമില്ല.'[8] 1948-ൽ 'ബോർഡ് ഓഫ് തഅ്‌ലീമാത്തെ ഇസ്‌ലാമിയ്യ' എന്ന പേരിൽ ഒരു സമിതിയെ ഗവൺമെന്റ് നിയോഗിച്ചു. ഇസ്‌ലാമികഭരണഘടന സംബന്ധിച്ച് കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിക്ക് ഉപദേശ നിർദേശങ്ങൾ നൽകുകയായിരുന്നു ഈ മുസ്‌ലിംപണ്ഡിത വേദിയുടെ ചുമതല.

എന്നാൽ വിഭജനം യാഥാർഥ്യത്തിലേക്ക് അടുത്തുവരുന്തോറും ഇസ്‌ലാമികരാഷ്ട്രം എന്ന ജിന്നയുടെ ആശയത്തിൽ ചാഞ്ചല്യം കണ്ടുതുടങ്ങിയിരുന്നു. ഒരേസമയം, നേരത്തേ താൻ തള്ളിപ്പറഞ്ഞ ആധുനിക ജനാധിപത്യത്തിന്റെ വക്താവായും തുടക്കത്തിലേ ഉയർത്തിപ്പിടിച്ച ഇസ്‌ലാമിക രാഷ്ട്ര സങ്കൽപത്തിന്റെ പ്രതിയോഗിയായും ജിന്ന പലതവണ മലക്കം മറിയുന്നത് അദ്ദേഹത്തിന്റെ ജീവചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. ജിന്നയുടെ വിശ്വസ്തരിൽ പലരും അവരുടെ മതേതര ആഭിമുഖ്യം തുറന്നുപ്രകടിപ്പിക്കുകയും ചെയ്തു. അങ്ങനെ പാകിസ്താൻ ഏതു പ്രത്യയശാസ്ത്ര അടിത്തറയിൽ രൂപപ്പെടുത്തണം എന്ന വാദവിവാദം കത്തിനിൽക്കുന്ന സന്ദർഭത്തിലാണ് 1947 മെയ് 9,10 തീയതികളിൽ പഠാൻകോട്ട് ജമാഅത്ത് വാർഷികസമ്മേളനം നടക്കുന്നതും മദ്രാസ് സമ്മേളനത്തിൽ പറഞ്ഞതിന്റെ ചുവടുപിടിച്ച് മൗദൂദി പാകിസ്താന്റെ ഭാവി രാഷ്ട്രീയഭാഗധേയം സംബന്ധിച്ച അഭിപ്രായം രേഖപ്പെടുത്തുന്നതും.[9] പാശ്ചാത്യനിർമിതികളായ മതേതരത്വം, ജനാധിപത്യം, ദേശീയത എന്നിവയുടെ പ്രത്യയശാസ്ത്രപരമായ പൊള്ളത്തരം ഇന്ത്യയിലെ അതിന്റെ പ്രയോഗാനുഭവങ്ങൾ വെച്ചുതന്നെയാണ് മൗദൂദി തുറന്നുകാട്ടിയത്. ജനാധിപത്യം എന്ന ആയുധം കോളനിവാഴ്ച

ക്ക് ഉപയോഗപ്പെടുത്തിയ ബ്രിട്ടീഷ്അനുഭവത്തിൽനിന്ന് പാർലമെന്ററി ജനാധിപത്യത്തെ കണക്കിന് കളിയാക്കുകയും വിമർശിക്കുകയും ചെയ്തു 'ഹിന്ദ്സ്വരാജി'ൽ ഗാന്ധിജി. 1943 ഏപ്രിലിൽ നടന്ന മുസ്‌ലിംലീഗ് വാർഷികസമ്മേളനത്തിൽ നടത്തിയ അധ്യക്ഷപ്രസംഗത്തിൽ ജനാധിപത്യം എന്നത് ഇന്ത്യയിൽ ഹിന്ദുരാജ് സൃഷ്ടിക്കാനുള്ള കോൺഗ്രസ് ഉപകരണമാണെന്ന് മുഹമ്മദലി ജിന്ന കുറ്റപ്പെടുത്തി. 'സമത്വവും സാഹോദര്യവും' നിദാനമാക്കിയ ജനായത്തം കഴിഞ്ഞ പതിമൂന്നു നൂറ്റാണ്ടുകളിലായി ഇസ്‌ലാം ഉയർത്തിപ്പിടിച്ചതാണെന്നും എന്നാൽ ഭൂരിപക്ഷഹിതത്തെ ന്യൂനപക്ഷത്തിനുമേൽ അടിച്ചേൽപിക്കാനുള്ള ആയുധമായി മാറുന്ന ആധുനിക ജനാധിപത്യത്തെ അംഗീകരിക്കാനാവില്ലെന്നും അന്ന് ജിന്ന വ്യക്തമാക്കി.[10]

ഇതുപോലുള്ള തിക്തമായ ഇന്ത്യൻ അനുഭവ യാഥാർഥ്യങ്ങളിൽനിന്നു തന്നെയാണ് പഠാൻകോട്ട് പ്രസംഗത്തിൽ മൗദൂദി ജനാധിപത്യത്തെ കൈകാര്യം ചെയ്തത്. അന്ന് മൗദൂദി പറഞ്ഞു: "രാജാധിപത്യത്തോടും നാടുവാഴി മേധാവിത്വത്തോടും വർഗപരമായ കുത്തകാവകാശത്തോടും നമുക്ക് തീർത്താൽ തീരാത്ത അമർഷമുണ്ട്– ആധുനികകാലത്തെ ഏറ്റവും വലിയ ജനാധിപത്യവാദിക്കുണ്ടാവുന്നത്ര അമർഷം. സാമൂഹികജീവിതത്തിൽ എല്ലാ ഓരോരുത്തർക്കും തുല്യാവകാശവും തുല്യനിലപാടും തുല്യാവസരവും ലഭിക്കണമെന്ന് നമുക്ക് വലിയ ശാഠ്യമുണ്ട് – ഒരു പാശ്ചാത്യൻ ജനാധിപത്യവാദിക്കുള്ളത്ര ശാഠ്യം. ദേശവാസികളുടെ സ്വതന്ത്രവും നിർബാധവുമായ ഹിതാനുസാരമായിരിക്കണം ഗവൺമെന്റിന്റെ ഭരണനിർവഹണവും ഭരണാധികാരികളുടെ തെരഞ്ഞെടുപ്പും എന്നതിൽ നമുക്ക് എതിരഭിപ്രായവുമില്ല. പ്രജകൾക്ക് അഭിപ്രായസ്വാതന്ത്ര്യവും പ്രക്ഷോഭണസ്വാതന്ത്ര്യവുമില്ലാത്തതോ, ജനനത്തെയും ജാതിയെയും പാരമ്പര്യത്തെയും വർഗപരതയെയും ആധാരമാക്കിയുള്ള പ്രത്യേകാവകാശങ്ങളും പ്രത്യേക പ്രതിബന്ധങ്ങളുമുള്ളതോ ആയ ഒരു ജീവിതവ്യവസ്ഥിതിയെ നാം ഒരിക്കലും അനുകൂലിക്കുന്നില്ല. ജനാധിപത്യത്തിന്റെ യഥാർഥ സത്തയായ ഇവ്വിധ വിഷയങ്ങളിലൊന്നും നാം വിഭാവന ചെയ്യുന്ന ജനപ്രാതിനിധ്യവും പാശ്ചാത്യ ജനാധിപത്യവും തമ്മിൽ അന്തരമൊന്നുമില്ല. ഇവയൊന്നുംതന്നെ പാശ്ചാത്യർ നമ്മെ അഭ്യസിപ്പിച്ചതുമല്ല. പടിഞ്ഞാറൻ ജനായത്തവാദികൾ ജന്മമെടുക്കുന്നതിന്റെ എത്രയോ നൂറ്റാണ്ടുകൾക്കുമുമ്പുതന്നെ നമുക്കതറിയാം. അതിന്റെ ഏറ്റവും നല്ല മാതൃക ലോകത്തിന് നാം പ്രായോഗികമായി കാട്ടിക്കൊടുത്തിട്ടുള്ളതുമാണ്. വാസ്തവത്തിൽ ഈ പുത്തൻ ജനാധിപത്യത്തിൽ നമുക്ക് പറ്റാത്തത് ഒന്നു മാത്രമാകുന്നു: അത് ജനങ്ങളുടെ സ്വേഛാപ്രഭുത്വത്തെ ആവിഷ്കരിച്ചുവെന്നത്."[11] ജനാധിപത്യം സംബന്ധിച്ച എക്കാലത്തേയും കാര്യഗൗരവമാർന്ന ദാർശനികവിമർശം തന്നെയാണ് മൗദൂദി അന്ന് ഉന്നയിച്ചത്. അതാകട്ടെ, ഇസ്‌ലാമിന്റെ പേരിൽ പിടിച്ചുവാങ്ങിയ പാകിസ്താന്റെ ഭരണവ്യവസ്ഥ പാശ്ചാത്യ ലിബറൽ ജനാധിപത്യമോ ഇസ്‌ലാമോ ഏതായിരിക്കണം എന്ന ചോദ്യത്തിന് സ്വാതന്ത്ര്യസമരഘട്ടത്തിൽ ഇന്ത്യൻരാഷ്ട്രീയത്തിൽ ചിന്താപരമായ ഇടപെടൽ നടത്തിക്കൊണ്ടിരുന്ന ഒരു ഇസ്‌ലാമിക പണ്ഡിതന്റെ ഉറച്ച നിരീക്ഷണവും പാകിസ്താൻ പിടിച്ചുവാങ്ങുന്നവരോടുള്ള ശക്തമായ ആഹ്വാനവുമായിരുന്നു. മേൽപറഞ്ഞ കൃതിയിൽ നിന്ന് കണ്ടും കേട്ടും പകർത്തി വിവാദം ആവർത്തിക്കുന്നവർ സ്ഥിരം ഉദ്ധരിക്കുന്ന 'മുസ്‌ലിംകളോട് ഞാനിതാ തുറന്നു പ്രസ്താവിക്കുന്നു:

ആധുനിക മതേതര ദേശീയ ജനാധിപത്യം നിങ്ങളുടെ ഇസ്‌ലാമിനും ഈമാനിനും കടകവിരുദ്ധമാണ്.....' എന്നു തുടങ്ങുന്ന ഖണ്ഡിക സമാപിക്കുന്നത് ഇങ്ങനെയാണ്: 'ഇസ്‌ലാം അപകടത്തിൽ എന്ന മുദ്രാവാക്യം മുഴക്കി നാടുനീളെ ബഹളവും കോലാഹലവും സൃഷ്ടിച്ച നിങ്ങൾ, ആ ഇസ്‌ലാമിനെ പ്രയോഗത്തിൽ വരുത്താനുള്ള അവസരം കൈവരുമ്പോൾ അമാന്തം കാണിക്കുകയും ഇസ്‌ലാമിന്റെ സ്ഥാനത്ത് കുഫ്റിനെ പ്രതിഷ്ഠിക്കുകയുമാണെങ്കിൽ നിങ്ങളുടെ വ്യാജജടിലമായ ഈ മുസ്‌ലിംവാദം എത്ര ജുഗുപ്‌സാവഹം!'[12] പാകിസ്താന്റെ ഭാവി സംബന്ധിച്ച് അവിടത്തെ മുസ്‌ലിംകളോട് ഈ ആഹ്വാനം നടത്തിയ സയ്യിദ് മൗദൂദി ഇന്ത്യൻ മുസ്‌ലിംകളോട് അന്ന് പറഞ്ഞതെന്ത്? ■

(അടുത്ത ലക്കത്തിൽ: **മൗദൂദി ഇന്ത്യൻമുസ്‌ലിംകളോട് പറഞ്ഞത്**)

**ഗ്രന്ഥസൂചി:**


1. എം.എ കാരപ്പഞ്ചേരി (എഡിറ്റർ), *മതരാഷ്ട്രവാദം: ജമാഅത്തെ ഇസ്‌ലാമി ചോദ്യം ചെയ്യപ്പെടുന്നു*. പ്രോഗ്രസ് പബ്ലിക്കേഷൻസ്, കോഴിക്കോട്. പേജ്: 3
2. എം.എൻ കാരശ്ശേരി, 'തീവ്രവാദത്തിന്റെ നാൾവഴികൾ'. *മാതൃഭൂമി* ദിനപത്രം, 2009 നവംബർ 2–4
3. *റൂദാദെ ജമാഅത്തെ ഇസ്‌ലാമി*. ഭാഗം:3, പേജ്: 126
4. *റൂദാദെ ജമാഅത്തെ ഇസ്‌ലാമി ഹിന്ദ്*. ഭാഗം 5, പേജ്: 158
5. റഫീഖ് സകരിയ്യ. Indian Muslims: Where have they gone wrong? പേജ്: 31
6. The Constituent Assembly of Pakistan Debates Vol.1 No.2, 20. ഉദ്ധരണം: അബ്ദുർറശീദ് മോട്ടൺ. Revolution to Revolution: Jama'at-e-Islami in the Politics of Pakistan
7. ചൗധരി അബ്ദുർറഹ്മാൻ അബ്ദു, *സയ്യിദ് അബുൽഅഅ്‌ലാ മൗദൂദി*, പേജ്: 198–199
8. 'തിങ്കർ' വാരിക, കറാച്ചി. 1963 ഡിസംബർ 27. ഉദ്ധരണം: സയ്യിദ് അബുൽഅഅ്‌ലാ മൗദൂദി, പേജ്: 199
9. സീസർ പി. പോബർ. History of Political Parties in Pakistan (1947-1958). പേജ്: 180
10. സഫിയ അമീർ, Muslim Nationhood in India, പേജ്: 106
11. അബുൽഅഅ്‌ലാ മൗദൂദി: *മതേതരത്വം, ദേശീയത്വം, ജനാധിപത്യം: ഒരു താത്വികവിശകലനം*. ഏപ്രിൽ 2002. പേജ്: 19–20.
12. മേൽകൃതി. പേജ്: 22.